ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. കുവൈറ്റ് തീ പിടിത്തത്തിൽ മരിച്ച 45 പ്രവാസികളുടെ ഭൗതിക ശരീരം വഹിച്ചുകൊണ്ടുള്ള പ്രത്യേക വ്യോമസേന വിമാനം കൊച്ചിയിലെത്തി. ദുരന്തത്തിൽ ജീവൻ നഷ്ടമായ പ്രവാസികൾക്ക് അന്ത്യാഞ്ജലി അർപ്പിച്ച് കേരളം.
   The Special IAF aircraft carrying the mortal remains of 45 deceased in the fire mishap in Kuwait landed at the Cochin International Airport this morning.
2. കേരള, കർണ്ണാടക, തമിഴ്നാട് സ്വദേശികളുടെ ഭൗതികദേഹം കൊച്ചി വിമാനത്താവളത്തിൽ ഏറ്റുവാങ്ങി.
   31 bodies were off loaded at the Cochin International Airport, of which 23 belonged to Kerala, seven to Tamil Nadu and one to Karnataka.
3. ഇറ്റലിയിൽ നടക്കുന്ന ജി-7 ഔട്ട്റീച്ച് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.
   Prime Minister Narendra Modi will attend the G-7 Outreach Summit in Italy today.
4. ദേശീയ സുരക്ഷാ ഉപദേഷ്ടാവായി അജിത് ഡോവലിനും, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി ഡോ. പി.കെ മിശ്രയ്ക്കും കേന്ദ്ര മന്ത്രിസഭാ സമിതി തുടർ നിയമനം നൽകി.
   Ajit Doval reappointed National Security Advisor and Dr. PK Mishra as Principal Secretary to Prime Minister.
5. ലോക കേരളസഭയുടെ നാലാം പതിപ്പിൻറെ ഉദ്ഘാടനം ഇന്ന് തിരുവനന്തപുരത്ത് നടക്കും.
   Fourth edition of the Lok Kerala Sabha will commence in Thiruvananthapuram today.
6. ഐസിസി ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് യു.എസ്.എ, അയർലണ്ടിനെ നേരിടും.
   USA will take on Ireland today in ICC T20 Cricket World Cup.

**************************************************

## KUWAIT – KOCHI

കുവൈറ്റ് തീ പിടുത്തത്തിൽ മരിച്ച 45 പ്രവാസികളുടെ ഭൗതിക ദേഹം വഹിച്ചുകൊണ്ടുള്ള വ്യോമസേന പ്രത്യേക വിമാനം കൊച്ചിയിലെത്തി. കേരളത്തിൽ നിന്നുള്ള 23 പേരുടെയും തമിഴ്നാട്ടിലെ ഏഴ് പേരുടെയും കർണ്ണാടക സ്വദേശിയായ ഒരാളുടെയും ഉൾപ്പെടെ 31 ഭൗതിക ശരീരം കൊച്ചിയിൽ ഏറ്റുവാങ്ങി. മറ്റുള്ളവരുടെ മൃതദേഹങ്ങൾ വ്യോമസേനാ വിമാനത്തിൽ ഡൽഹിയിലേക്ക് കൊണ്ടു പോകും. കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധൻ സിംഗ് അനുഗമിക്കുന്നുണ്ട്.

*****************************************************************************************

## KUWAIT KERALA CM – (INTRO) 1

കുവൈറ്റിൽ മരിച്ച മലയാളികൾക്ക് അന്ത്യാഞ്ജലി അർപ്പിച്ച് കേരളം. കൊച്ചി വിമാനത്താവളത്തിൽ എത്തിയ ഭൗതികദേഹങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ കെ.രാജൻ, പി. രാജീവ്, റോഷി അഗസ്റ്റിൻ കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി തുടങ്ങിയവർ ചേർന്ന് ഏറ്റുവാങ്ങി. അന്തിമോപചാരം അർപ്പിച്ച ശേഷം ആദരസൂചകമായി ഗാർഡ് ഓഫ് ഓണറും നൽകി. ഭൗതിക ശരീരങ്ങൾ സ്വദേശങ്ങളിലേക്ക് കൊണ്ടു പോകുന്ന നടപടികൾ പുരോഗമിക്കുകയാണ്. മരണപ്പെട്ടവരുടെ കുടുംബങ്ങളെ സഹായിക്കാൻ കുവൈറ്റ് സർക്കാരുമായി ബന്ധപ്പെട്ട് കൂടുതൽ ഏകോപിതമായ പ്രവർത്തനങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുൻകൈയെടുക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ കേന്ദ്ര

സർക്കാർ ശരിയായ രീതിയിൽ ഫലപ്രദമായി ഇടപെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

****************************************************************************************************

## KUWAIT – GOVERNOR

കുവൈറ്റ് ദുരന്തത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അനുശോചനം രേഖപ്പെടുത്തി. കുവൈറ്റിൽ സംഭവിച്ചത് വാക്കുകൾക്ക് അതീതമാണെന്നും അതീവ ദുഃഖകരം എന്നും ഗവർണർ പറഞ്ഞു. ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ടെന്നും അദ്ദേഹം തൃശ്ശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

****************************************************************************************************

## PM – G7 SUMMIT

ഇറ്റലിയിൽ നടക്കുന്ന ജി-7 ഔട്ട്റീച്ച് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുടെ ക്ഷണപ്രകാരമാണ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി ഇന്നലെ ഇറ്റലിയിലെ അപുലിയയിൽ എത്തിയത്. ലോക നേതാക്കളുമായി ക്രിയാത്മകമായ ചർച്ചകൾ സന്ദർശനത്തിൻറെ ഭാഗമായി നടക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ആഗോള വെല്ലുവിളികളെ നേരിടുന്നതിനുള്ള അന്താരാഷ്ട്ര സഹകരണം സംബന്ധിച്ചായിരിക്കും ചർച്ചകളെന്നും അദ്ദേഹം വ്യക്തമാക്കി.ഇറ്റാലിയൻ പ്രധാനമന്ത്രിയുമായും, ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രൊ, യുകെ പ്രധാനമന്ത്രി റിഷി സുനക്, ജർമൻ ചാൻസലർ ഒലാഫ് ഷോൾസ്, ജാപ്പനീസ് പ്രധാനമന്ത്രി ഫുമിയോ കിഷിദ, യുക്രൈൻ പ്രസിഡൻറ് വാളോഡിമിർ സെലൻസ്കി എന്നിവരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. ഇന്ത്യൻ പ്രധാനമന്ത്രിയായി മൂന്നാം തവണയും അധികാരമേറ്റ ശേഷമുള്ള ശ്രീ നരേന്ദ്രമോദിയുടെ ആദ്യ വിദേശപര്യടനമാണിത്. ഇന്ത്യ-ഇറ്റലി

തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് സന്ദർശനം സഹായിക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

പതിനൊന്നാം തവണയാണ് ഇന്ത്യ ജി-7 ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. അമേരിക്ക, യുകെ, കാനഡ, ഫ്രാൻസ്, ഇറ്റലി,ജർമനി, ജപ്പാൻ എന്നീ രാജ്യങ്ങളുടെ അന്താരാഷ്ട്ര കൂട്ടായ്മയാണ് ജി-7.

*******************************************************************************************

## AJIT DOVAL

ദേശീയ സുരക്ഷാ ഉപദേഷ്ടാവായി അജിത് ഡോവലിനും, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി ഡോ. പി.കെ മിശ്രയ്ക്കും കേന്ദ്ര മന്ത്രിസഭാ സമിതി തുടർ നിയമനം നൽകി. ക്യാബിനറ്റ് മന്ത്രിയ്ക്ക് തത്തുല്യമായ പദവിയിലാണ് നിയമനം. പ്രധാനമന്ത്രിയുടെ ഉപദേഷ്ടകരായി മുൻ ഐ.എ.എസ് ഉദ്യോഗസ്ഥരായ അമിത് ഖാരേയ്ക്കും, തരുൺ കപൂരിനും നിയമനം അനുവദിച്ചു.

*******************************************************************************************

## LOKA KERALA SABHA

ലോക കേരളസഭയുടെ നാലാം പതിപ്പിൻറെ ഉദ്ഘാടനം ഇന്ന് വൈകിട്ട് കേരള നിയമസഭാ സമുച്ചയത്തിൽ നടക്കും. കുവൈറ്റ് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ ആഘോഷ പരിപാടികൾ ഒഴിവാക്കിയിട്ടുണ്ട്. ഉദ്ഘാടനത്തിനു ശേഷം വിഷയാധിഷ്ഠിത സമ്മേളനങ്ങളും മേഖലാ സമ്മേളനങ്ങളും നടക്കും.

*******************************************************************************************

## LS SPEAKER ELECTION

പതിനെട്ടാം ലോക്സഭയിലെ സ്പീക്കർ തിരഞ്ഞെടുപ്പ് ഈ മാസം 26-ന് നടക്കും. ഈ മാസം 24 മുതലാണ് ലോക്സഭാ സമ്മേളനം ആരംഭിക്കുന്നത്. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ലോക്സഭാ എംപിമാരുടെ സത്യപ്രതിജ്ഞയും സമ്മേളനത്തിൽ നടക്കും.

ലോക്സഭയുടെയും രാജ്യസഭയുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്യും. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ചുള്ള ചർച്ചയും സമ്മേളനത്തിൽ നടക്കും. രാജ്യസഭ സമ്മേളനം ഈ മാസം 27-നാണ് ആരംഭിക്കുക. അടുത്ത മാസം മൂന്നിന് പാർലമെൻ്റ് സമ്മേളനം സമാപിക്കും.

****************************************************************************************

## PM-YOGA DAY

അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി ത്രികോണാസനവുമായി ബന്ധപ്പെട്ട വീഡിയോ സമൂഹ മാധ്യമത്തിൽ പങ്കുവച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ത്രികോണാസനത്തിൻറെ ആരോഗ്യപരമായ ഗുണങ്ങളും, അത് ചെയ്യേണ്ട രീതിയും വീഡിയോയിൽ വ്യക്തമാക്കിയിട്ടുണ്ട്. ജൂൺ 21 ആണ് അന്താരാഷ്ട്ര യോഗ ദിനം .

****************************************************************************************

## SIKKIM CM RESIGNS

സിക്കിം മുഖ്യമന്ത്രി പ്രേം സിംഗ് തമാംഗ്, നിയമസഭാ തിരഞ്ഞെടുപ്പിൽ വിജയിച്ച രണ്ട് മണ്ഡലങ്ങളിൽ ഒന്നായ സോറെംഗ്-ചകുങ് മണ്ഡലത്തിൽ നിന്ന് രാജിവെക്കുന്നതായി പ്രഖ്യാപിച്ചു. റെനോക്ക്, സോറെങ്-ചകുങ് മണ്ഡലങ്ങളിൽ നിന്നാണ് അദ്ദേഹം വിജയിച്ചത്. തെരഞ്ഞെടുപ്പിൽ പ്രേം സിംഗ് തമാംഗിൻറെ പാർട്ടിയായ സിക്കിം ക്രാന്തികാരി മോർച്ച 32 നിയമസഭാ സീറ്റുകളിൽ 31-ലും വിജയം നേടിയിരുന്നു.

****************************************************************************************

## SIKKIM-RELENTLESS RAIN

തുടർച്ചയായി പെയ്യുന്ന മഴയിൽ വടക്കൻ സിക്കിമിൽ കനത്ത നാശനഷ്ടങ്ങൾ. ടീസ്റ്റ നദിയിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ സങ്ക്ലാങ്ങിലെ പഴയ തൂക്കുപാലവും, പുതുതായി

നിർമ്മിച്ച ബെയ്‌ലി പാലവും തകർന്നു. 2,000-ത്തോളം വിനോദസഞ്ചാരികൾ ഇവിടെ കുടുങ്ങിക്കിടക്കുകയാണ്.

വടക്കൻ സിക്കിമിലെ സോംഗു മേഖലയുമായുള്ള ബന്ധം പൂർണമായും വിച്ഛേദിക്കപ്പെട്ടു.കനത്ത മഴയെത്തുടർന്ന് വിവിധ ഗ്രാമീണ റോഡുകൾ ഒലിച്ചുപോയതായി നാംചി, ഗാംഗ്ടോക്ക് ജില്ലകളിൽ നിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ആറോളം മരണവും മേഖലയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

*****************************************************************************************

## NCRB

പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഏകീകൃതമാക്കുന്നതിൻറെ ഭാഗമായി ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി. എൻസിആർബി സംഗലൻ ഓഫ് ക്രിമിനൽ ലോസ് എന്ന പേരിലാണ് ആപ്പ് പുറത്തിറക്കിയിരിക്കുന്നത്. അടുത്ത മാസം ഒന്നിനാണ് പുതിയ ക്രിമിനൽ നിയമങ്ങൾ പ്രാബല്യത്തിൽ വരുക. ഓഫ് ലൈൻ ആയും പ്രവർത്തിക്കുന്ന തരത്തിലാണ് ആപ്പ് സജ്ജമാക്കിയിരിക്കുന്നത്. ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ്പ് സ്റ്റോറിലും മൊബൈൽ ആപ്പ് ലഭ്യമാകും.

*****************************************************************************************

## IMD-WEATHER

ഉഷ്ണ തരംഗ സാധ്യത കണക്കിലെടുത്ത് വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, ബിഹാർ, ജാർഖണ്ഡ്, ഛത്തീസ്ഗഡ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ അടുത്ത നാല് ദിവസം ഉഷ്ണതരംഗം ശക്തമാകുമെന്നാണ് മുന്നറിയിപ്പ്. ശരാശരി താപനില 5 മുതൽ 6 ഡിഗ്രി സെൽഷ്യസ് വരെ ഉയരാനാണ് സാധ്യത. രാജ്യത്തിൻറെ വടക്കുകിഴക്കൻ

മേഖലയിൽ അടുത്ത നാല് ദിവസം അതിശക്തമായ മഴ തുടരാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

**************************************************************************************

## MUMBAI-ED RAIDS

ഐപിഎൽ മത്സരങ്ങളുടെ അനധികൃത സംപ്രേക്ഷണം, ലോക്സഭാ തെരഞ്ഞെടുപ്പ് ,ക്രിക്കറ്റ്, എന്നിവയിലെ വാതുവെപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ഒരു ഓൺലൈൻ ആപ്പിന്റെ മുംബൈയിലെ ഓഫീസിൽ റെയ്ഡ് നടത്തി ഇ.ഡി.

8 കോടി രൂപയും, ബാങ്ക് ഫണ്ടുകളുടെയും ഡീമാറ്റ് അക്കൗണ്ടിന്റെയും വിവരങ്ങളും ഉൾപ്പെടെ റെയ്ഡിൽ പിടിച്ചെടുത്തു. ഐപിഎല്ലിന്റെ ഔദ്യോഗിക ബ്രോഡ്കാസ്റ്ററായ വയാകോം 18 മീഡിയയാണ് ഇതുമായി ബന്ധപ്പെട്ട് കേസ് ഫയൽ ചെയ്തത്.

**************************************************************************************

## T-20 WORLD CUP

ഐസിസി ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് യു.എസ്.എ, അയർലണ്ടിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിയ്ക്കാണ് മത്സരം. ഇന്ന് രാവിലെ നടന്ന മത്സരത്തിൽ ഒമാനെ എട്ട് വിക്കറ്റിന് തോൽപ്പിച്ച് സൂപ്പർ എട്ടിലെത്താനുള്ള പ്രതീക്ഷകൾ ഇംഗ്ലണ്ട് സജീവമാക്കി. ആദ്യം ബാറ്റ് ചെയ്ത ഒമാൻ 47 റൺസിന് പുറത്താവുകയായിരുന്നു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇംഗ്ലണ്ട് 3.1 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറി കടന്നു. ഇന്ന് നടന്ന മറ്റൊരു മത്സരത്തിൽ അഫ്ഗാനിസ്ഥാൻ, പാപ്പുവ ന്യൂഗിനിയെ 7 വിക്കറ്റിന് പരാജയപ്പെടുത്തി. പാപ്പുവ ന്യൂഗിനി ഉയർത്തിയ 96 റൺസ് വിജയലക്ഷ്യം, അഫ്ഗാനിസ്ഥാൻ 15.1 ഓവറിൽ മറികടന്നു.

**************************************************************************************

## EURO CUP

യൂറോ കപ്പ് ഫുട്ബോൾ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ഒരു മാസം നീണ്ടു നിൽക്കുന്ന ആവേശ പോരാട്ടങ്ങൾക്കാണ് ജർമ്മനി വേദിയാകുക. മ്യൂണിക്കിലെ ഫുട്ബോൾ അരീനയിൽ ആതിഥേയരായ ജർമനിയും സ്കോട്ട്ലൻഡും ഏറ്റുമുട്ടുന്നതോടെയാണ് പോരാട്ടങ്ങൾക്ക് തുടക്കമാകുന്നത്.

****************************************************************************************

## MANDAVIYA- OLYMPIC MEETING

ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അധികൃതരുമായി കൂടിക്കാഴ്ച നടത്തി കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. ന്യൂഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ 2024 പാരീസ് ഒളിമ്പിക്സിലേക്കായുള്ള ഒരുക്കങ്ങൾ അദ്ദേഹം വിലയിരുത്തി. കായിക സഹമന്ത്രി രക്ഷ ഖഡ്സെയും, മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

****************************************************************************************

## US-UKRAINE AGREEMENT

ഇറ്റലിയിൽ നടക്കുന്ന ജി-7 ഉച്ചകോടിക്കിടെ ദീർഘകാല സുരക്ഷാ ബന്ധം സംബന്ധിച്ച കരാറിൽ അമേരിക്കയും യുക്രൈനും ഒപ്പുവച്ചു. യുഎസ് പ്രസിഡൻ്റ് ജോ ബൈഡനും യുക്രേനിയൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിയുമാണ് ഉഭയകക്ഷി കരാറിൽ ഒപ്പുവച്ചത്. സൈനിക ഉപകരണങ്ങൾ, പരിശീലനം, എന്നിവയിലെ സഹകരണം കരാർ ഉറപ്പാക്കും . എന്നാൽ, യുക്രൈന് പ്രത്യേക ആയുധ സംവിധാനങ്ങൾ നൽകുമെന്ന വാഗ്ദാനം കരാറിൽ ഇല്ല.

************************************************************

********************